LIBRARY ARCHIVES Kerala Legislative Assembly

**ക്രിമിനൽ കേസുകൾ**

211 (212) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ മോഷണം, കവർച്ച, പിടിച്ചുപറി, ഭവനഭേദനം, ദേവാലയ കവർച്ച എന്നീ ഇനങ്ങളിൽ ഓരോന്നിലും എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 19,89,096 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മോഷണം - 14480
കവർച്ച - 2800
പിടിച്ചുപറി - 2284
ഭവനഭേദനം - 10189
ദേവാലയ കവർച്ച - 3

**അഹബിന്റെ മരണം സംബന്ധിച്ച അന്വേഷണം**

212 (213) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, പൂപ്പറമ്പിൽ വീട്ടിൽ സയ്യദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം, ബാംഗ്ലൂർ സോലദേവനഹള്ളി ആചാര്യ പോളിടെക്നിക്കിൽ പഠിച്ചുകൊണ്ടിരിക്കെ കോളേജിൽ വച്ച് മുതിർന്ന കുട്ടികളുടെ ക്രൂരമായ റാഗിംങ്ങിനും, ആക്രമണത്തിനും വിധേയനായി ചികിത്സയിലിരിക്കെ 10-3-2014-ൽ മരണമടഞ്ഞ സംഭവത്തിൽ രക്ഷിതാക്കൾ നൽകിയ പരാതിയിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) അഹബിന്റെ ദുരൂഹമരണം അന്വേഷിക്കുന്നതിനും കുറ്റക്കാരെ കണ്ടെത്തി നിയമത്തിനു മുൻപിൽ കൊണ്ടുവരുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) മരണപ്പെട്ട അഹബ് ഇബ്രാഹിമിന്റെ പിതാവ് സയ്യദ് ഇബ്രാഹിം, ടി അഹബ് ഇബ്രാഹിം മരണപ്പെടുന്നതിനു മുമ്പ് തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ച പരാതിയിന്മേൽ ചാലക്കുടി ഇൻസ്പെക്ടർ അന്വേഷണം

നടത്തിയതിൽവെച്ച് മരണപ്പെട്ട അഹബ് ഇബ്രാഹിം പഠിച്ചിരുന്ന ബാംഗ്ലൂർ സോലദേവനഹള്ളി ആചാര്യ എൻജിനീയറിംഗ് കോളേജിലെ സഹപാഠികളെ ഫോണിൽ വിളിച്ച് കാര്യം തിരക്കിയതിൽ, മുമ്പ് മുതിർന്ന വിദ്യാർത്ഥികളിൽ നിന്നും അഹബിന് റാഗിങ്ങിനെ തുടർന്ന് തലയ്ക്ക് പരിക്ക് പറ്റിയിരുന്നെന്നും 21-1-2014-ാം തീയതി ബാത്റൂമിൽ അബോധാവസ്ഥയിൽ കിടക്കുന്നത് കണ്ട് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതായും, ഇന്റിമേഷൻ പ്രകാരം അവിടത്തെ പോലീസുകാർ ആശുപത്രിയിൽ വന്നുവെങ്കിലും ടി അഹബ് അബോധാവസ്ഥയിൽ ആയതിനാൽ മൊഴി രേഖപ്പെടുത്തിയിട്ടില്ല എന്നും അറിവായിട്ടുണ്ട്. വിദഗ്ദ ചികിത്സാ സൗകര്യാർത്ഥം അഹബിനെ കേരളത്തിലേയ്ക്ക് കൊണ്ടുവരികയും തുടർന്ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 10-3-2014-ാം തീയതി അഹബ് മരണപ്പെട്ടിട്ടുള്ളതുമാണ്. ആയതിനെ തുടർന്ന് എറണാകുളം സൗത്ത് പോലീസ് സ്റ്റേഷനിൽ ഇക്കാര്യത്തിന് ക്രൈം നമ്പർ 363/2014 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും സംഭവസ്ഥലം ബാംഗ്ലൂർ ആയതിനാൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് ടി കേസ് തുടരന്വേഷ ണത്തിനായി അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ടി കേസ് സംബന്ധിച്ച് മറ്റ് വിവരങ്ങളൊന്നും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും ലഭ്യമായിട്ടില്ല.

## ജനമൈത്രി പോലീസ് പദ്ധതി

213 (214) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി സംബന്ധിച്ച പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) അതാത് ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി റിപ്പോർട്ട്,

LIBRARY ARCHIVES Kerala Legislative Assembly